**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും 2023 സെപ്റ്റംബർ 30 വരെ ഉണ്ടാകാൻ സാധ്യതയുള്ള റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലർക്ക്/സൂപ്രണ്ട് ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ; വകുപ്പിന്റെ മൊത്തം ഒഴിവുകൾ കണക്കാക്കിയാണോ പ്രസ്തുത വേക്കൻസികൾ നികത്തുന്നത്; ഇവിടെ സീനിയോറിറ്റി പരിഗണിക്കുമോ; വിശദീകരിക്കാമോ; | (എ) | **മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 31.07.2023 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള 12 ഒഴിവുകളിലേയ്ക്ക് 18.08.2023 തീയതിയിൽ പ്രമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ട്. ടി നിയമനങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലർക്ക് തസ്തികയിൽ 31.08.2023 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള 33 ഒഴിവുകളിലേയ്ക്കുള്ള പ്രമോഷൻ നടത്തിയിട്ടുണ്ട്. ടി നിയമനങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.** |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും അല്ലാതെയും ജോലിനോക്കുന്ന കരാർ /താത്കാലിക ജീവനക്കാരെ പിരിച്ചു വിടാത്ത പക്ഷം അവർക്ക് ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്നതിന് പ്രായപരിധി എത്രയാണ്; നിലവിൽ ഇതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; സേവനകാലാവധിക്ക് പ്രായം നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **കരാർ/താത്കാലിക ജീവനക്കാർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പിരിച്ചു വിടാത്ത പക്ഷം ഇത്തരം നിയമനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാന പ്രകാരം സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തുടരുകയാണ് ചെയ്യുന്നത്.** |
| (സി) | മറ്റ് വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിജപ്പെടുത്തിയിരിക്കുന്ന പ്രായപരിധി തദ്ദേശ സ്വയംഭരണ വകുപ്പിനും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **കരാർ/താത്കാലിക ജീവനക്കാർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പിരിച്ചു വിടാത്ത പക്ഷം ഇത്തരം നിയമനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാന പ്രകാരം സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തുടരുകയാണ് ചെയ്യുന്നത്.** |

സെക്ഷൻ ഓഫീസർ